# Malayala Manorma
# 25 August 2018
# Palakkad,Flood, Relief Camp



പ്രസവത്തിനു ശേഷം ദുരിതാശ്വാസ ക്യാംപിലെത്തിയ മഞ്ജുഷ കുട്ടികളുമായി ഭർത്താവിന്റെ വീട്ടിലേക്കു മടങ്ങുന്നു

## പ്രളയം കടന്ന് ഈ പാൽപുഞ്ചിരി

**മനോരമ ലേഖകൻ**

പാലക്കാട് ● നാടാകെ പ്രളയത്തിൽ മുങ്ങുമ്പോൾ അമ്മയുടെ വയറ്റിലായിരുന്നു അവൻ. പിറന്ന വീട് ദുരിതാശ്വാസ ക്യാംപ്. നഗരത്തിലെ സുന്ദരം കോളനിയിൽ സന്തോഷിന്റെയും മഞ്ജുഷയുടെയും മകൻ ഇന്നലെ ദുരിതാശ്വാസ ക്യാംപ് വിട്ടു ബന്ധുവീട്ടിലേക്കു പോയി, അവന്റെ ആദ്യ ഓണം ആഘോഷിക്കാൻ.

പൂർണ ഗർഭിണിയായാണു മഞ്ജുഷ ഒലവക്കോട് എംഇഎസ് സ്കൂളിലെ ക്യാംപിലെത്തിയത്. വീടു വെള്ളപ്പൊക്കത്തിൽ നശിച്ചിരുന്നു. മൂത്തമകൾ സനൂഷയും ക്യാംപിലുണ്ടായിരുന്നു. ക്യാംപിൽനിന്നു പാലക്കാട് ജില്ലാ ആശുപത്രിയിലേക്കു മാറ്റിയ മഞ്ജുഷ 16ന് ആൺകുഞ്ഞിനെ പ്രസവിച്ചു.

ആശുപത്രിയിൽ നിന്നു പോകാൻ വീടില്ലാത്തതിനാൽ സർക്കാർ കഞ്ചിക്കോട്ട് തയാറാക്കിയ അപ്നാ ഘറിലെ ദുരിതാശ്വാസ ക്യാംപിലേക്കു മാറി. ഇന്നലെ മഞ്ജുഷയുടെ ചേച്ചിയുടെ അഞ്ചുമൂർത്തിമംഗലത്തെ വാടകവീട്ടിലേക്കാണു പോയത്.